I/215084/2022

RCS/1452/2022-(MP(2)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി.28-12- 2022

2022

സഹകരണ സംഘം രജിസ്ട്രാർ,
തിരുവനന്തപുരം.

എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും

സർ,

വിഷയം:- സഹകരണ വകുപ്പ് – നാളീകേര സംഭരണം- തുടർ പ്രവർത്തനങ്ങൾ - ഓൺലൈൻ മീറ്റിംഗ്– സംബന്ധിച്ച്:

സൂചന:- ബഹുമാനപ്പെട്ട ലോക്സഭാ എം . പി . ശ്രീ . എം .രാഘവൻ അവറുകളുടെ 07.11.2022 തീയതിയിലെ CLT/MP/ KER/COM/7/2022 നമ്പർ കത്ത്.

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നാളീകേര സംഭരണ കേന്ദ്രങ്ങളുടെ അഭാവംമൂലം കേര കർഷകർക്ക് കൊപ്ര സംഭരണ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നില്ലെന്നും ആയതിനാൽ വരും വർഷങ്ങളിൽ കൃഷി, സഹകരണ വകുപ്പുകളുടെ നേതൃത്വത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘംങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി കൊപ്ര സംഭരിക്കുവാൻ ആവശ്യമായ നടപകൾ സ്വീകരിക്കണമെന്നും അപ്രകാരം പ്രാഥമിക കാർഷിക സഹകരണ സംഘംങ്ങൾവഴി കൊപ്ര സംഭരിക്കുമ്പോൾ കർഷകർക്ക് പൊതുവിപണിയിലേക്കാൾ വില ലഭിക്കുകയും ആയത് നാഫെഡ് വഴി കർഷകരുടെ അക്കൌണ്ടിലേക്ക് നേരിട്ട് എത്തുകയും ചെയ്യുമെന്നും ആയതിനാൽ കൊപ്രയും പച്ചത്തേങ്ങയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കണമെന്ന് സൂചന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

നാളീകേര സംഭരണവുമായി ബന്ധപ്പെട്ട നിലവിലെ പ്രതിസന്ധികൾ മനസ്സിലാക്കുന്നതിനും സഹകരണ സംഘങ്ങൾ മുഖേന ഭാവിയിൽ കാര്യക്ഷമമായി നാളീകേര സംഭരണം നടത്തുന്നതിന് സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ ചർച്ച ചെയ്ത് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുമായി നാളീകേര സംഭരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതും പുതിയതായി താത്പര്യമുള്ളതുമായ സംഘങ്ങളുടെ ഒരു ഓൺലൈൻ മീറ്റിംഗ് 06.01.2023 തീയതിയിൽ 3.30. PM ന് സഹകരണ സംഘം രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത മീറ്റിങ്ങിൽ ജില്ലയിൽ നിന്നും ബന്ധപ്പെട്ട സംഘങ്ങളെ പങ്കെടുപ്പിക്കേണ്ടതാണ്. മീറ്റിംഗ് ലിങ്ക് പിന്നാലെ അറിയിക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ,

(ഒപ്പ്)
അഡീഷണൽ രജിസ്ട്രാർ(കൺസ്യൂമർ),
സഹകരണ സംഘം രജിസ്ട്രാർക്കു വേണ്ടി.

അംഗീകാരപ്രകാരം

അസിസ്റ്റന്റ് രജിസ്ട്രാർ (എം. പി)